**കേരള സർക്കാർ**

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ് - ബഡ്ജറ്റ് വിഹിതം 2017-18 - പൊതു ആവശ്യ ഫണ്ട്/പരമ്പരാഗത ചുമതലകൾക്കുള്ള ഫണ്ട് - സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന ഗ്രാമ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും വിടവ് നികത്തൽ ഫണ്ട് അനുവദിച്ച് ഉത്തരവാകുന്നു

---

**ധനകാര്യ (എസ്.എഫ്.സി. സെൽ — എ) വകുപ്പ്**

സ.ഉ.(സാധാ) നം. 660/2018/ധന. തീയതി, തിരുവനന്തപുരം, 27 ജനുവരി 2018

---

പരാമർശം. 1 ) സ.ഉ (അ) നം. 177/2006/ധന തീയതി 12/04/2006

2) കേരള ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 22/11/2017 തീയതിയിലെ KSA-744/KS-4/17-ാംനമ്പർ അർദ്ധ ഔദ്യോഗിക കത്ത്.

<u>**ഉത്തരവ്**</u>

തനത് ഫണ്ടും പൊതു ആവശ്യ ഫണ്ടും അടക്കമുള്ള തുക ഉപയോഗിച്ച് ചില പ്രാദേശിക സർക്കാരുകൾക്ക് അവരുടെ ഭരണച്ചെലവുകൾക്കും ദൈനംദിന പ്രവർത്തനങ്ങൾക്കും തികയാത്തതായി സർക്കാരിന് കാണാൻ കഴിഞ്ഞു. ഇങ്ങനെ സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും വിടവ് നികത്തൽ ഫണ്ട് അനുവദിക്കണമെന്ന 5-ാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശയിൻമേൽ സർക്കാർ തീരുമാനമെടുക്കുകയും ആയതിൻ പ്രകാരം സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും വിടവ് നികത്തൽ ഫണ്ടായി യഥാക്രമം 1400 ലക്ഷം രൂപയും 600 ലക്ഷം രൂപയും പ്രാദേശിക സർക്കാരുകൾക്കുള്ള പൊതു ആവശ്യ ഫണ്ടിൽ നിന്നും 2017-18 ബജറ്റ് വിഹിതത്തിൽ തുക ഉൾപ്പെടുത്തിയിട്ടുണ്ട്.

2) തനത് ഫണ്ടും പൊതു ആവശ്യ ഫണ്ടും കൊണ്ട് ചെലവുകൾ നടന്നു പോകാത്ത പ്രാദേശിക സർക്കാരുകളുടെ ലിസ്റ്റ് തയ്യാറാക്കി ലഭ്യമാക്കുന്നതിന് സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടതിൻ പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം വിടവ് നികത്തൽ ഫണ്ടിന് അർഹതയുള്ള പ്രാദേശിക സർക്കാരുകളെ കണ്ടെത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന നടപടി ക്രമങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു.

i. ഈ ഉത്തരവിലെ അനുബന്ധം -1 ൽ ചേർത്തിട്ടുള്ള വിടവ് നികത്തൽ ഫണ്ടിന് അർഹരായ ഗ്രാമ പഞ്ചായത്തുകൾക്ക് 3,34,86,542/- രൂപയും (മൂന്ന് കോടി മുപ്പത്തിനാല് ലക്ഷത്തി

എൺപത്താറായിരത്തി അഞ്ഞൂറ്റി നാൽപത്തിരണ്ട് രൂപ മാത്രം) അനുബന്ധം II ൽ ചേർത്തിട്ടുള്ള മുനിസിപ്പാലിറ്റികൾക്ക് 1,47,29,322/- രൂപയും (ഒരു കോടി നാല്പത്തേഴ് ലക്ഷത്തി ഇരുപത്തൊൻപതിനായിരത്തി മുന്നൂറ്റി ഇരുപത്തി രണ്ട് രൂപ മാത്രം) വിടവ് നികത്തൽ ഫണ്ടായി അനുവദിച്ച് ഉത്തരവാകുന്നു. ഈ ധനാനുമതി ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ എന്നിവയ്ക്ക് യഥാക്രമം 3604-00-200-88 (05) NP, 3604-00-200-88 (02) NP എന്നീ ശീർഷങ്ങളിൽ നിന്നും ചെലവഴിക്കേണ്ടതാണ്.

ii. ഈ ഉത്തരവ് അലോട്ട്മെന്റ് ലെറ്ററായി കണക്കാക്കേണ്ടതാണ്.

iii. ട്രഷറി ഡയറക്ടർ ഈ ഉത്തരവിന്റെ പകർപ്പ് ട്രഷറി ഇൻട്രാനെറ്റ് വഴി എല്ലാ ജില്ലാ/സബ് ട്രഷറി ഓഫീസർമാർക്കും ലഭ്യമാക്കേണ്ടതാണ്.

iv. വിടവ് നികത്തൽ ഫണ്ട് സഞ്ചിതനിധിയിൽ നിന്നും പ്രാദേശിക സർക്കാരുകളുടെ സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിന് പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ടി.ആർ.59 (സി) പ്രകാരമുള്ള ബിൽ ട്രഷറികളിൽ സമർപ്പിക്കേണ്ടതാണ്.

v. സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത അന്നു തന്നെ ആയതിന്റെ വിവരം ട്രഷറി ഡയറക്ടർക്കും ധനകാര്യ (എസ്.എഫ്.സി-സെൽ) വകുപ്പിനേയും ട്രഷറി ഓഫീസർമാർ അറിയിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പ്രതീപ് കുമാർ ബി**
**ഗവ: ജോയിന്റ് സെക്രട്ടറി**

സ്വീകർത്താക്കൾ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ/ എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകൾ
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പഞ്ചായത്ത് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്( (www.finance.kerala.gov.in)
ധനകാര്യ ( ബി.ഡബ്ല്യ-ജെ/ ഡെവലപ്. വിംഗ്) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

അക്കൗണ്ട്സ് ഓഫീസർ

അനുബന്ധം I - ഗ്രാമ പഞ്ചായത്തുകൾ

| നമ്പർ | പ്രാദേശിക സർക്കാർ കോഡ് | പ്രാദേശിക സർക്കാർ | വിടവ് നികത്തൽ ഫണ്ട് (തുക രൂപയിൽ) |
|---|---|---|---|
| 1 | G010905 | കള്ളിക്കാട് | 494010 |
| 2 | G020202 | വെസ്റ്റ് കല്ലട | 2000000 |
| 3 | G020404 | പട്ടാഴി വടക്കേക്കര | 1564606 |
| 4 | G020508 | ആര്യങ്കാവ് | 339234 |
| 5 | G020705 | മൺട്രോതുരുത്ത് | 2000000 |
| 6 | G030203 | നിരണം | 1047312 |
| 7 | G030604 | മൈലപ്ര | 559450 |
| 8 | G040701 | മുട്ടാർ | 285583 |
| 9 | G050102 | ചെമ്പ് | 1440912 |
| 10 | G050105 | വെച്ചൂർ | 1102097 |
| 11 | G050202 | കല്ലറ | 419965 |
| 12 | G050601 | മേലുകാവ് | 9939 |
| 13 | G050602 | മൂന്നിലവ് | 463437 |
| 14 | G050608 | തലനാട് | 1867266 |
| 15 | G060201 | മറയൂർ | 2000000 |
| 16 | G060204 | വട്ടവട | 437797 |
| 17 | G060207 | മാങ്കുളം. | 1601769 |
| 18 | G060306 | ഉടുമ്പൻചോല | 188975 |
| 19 | G060407 | കുടയത്തൂർ | 1182654 |
| 20 | G060506 | മര്യാപുരം | 138223 |
| 21 | G060803 | കോക്കയാർ | 817018 |
| 22 | G070103 | ഏഴിക്കര | 57692 |
| 23 | G070403 | വേങ്ങൂർ | 1249461 |
| 24 | G070601 | കടമക്കുടി | 57939 |

| | | | |
|---|---|---|---|
| 25 | G070906 | മണീട് | 1643553 |
| 26 | G071107 | കീരമ്പാറ | 2000000 |
| 27 | G071108 | പോത്താനിക്കാട് | 185239 |
| 28 | G071207 | രാമമംഗലം | 503580 |
| 29 | G071408 | മാറാടി | 2000000 |
| 30 | G080102 | ഒരുമനയൂർ | 134976 |
| 31 | G090602 | പുതൂർ | 1072085 |
| 32 | G090901 | എരുത്തോംപതി | 1009938 |
| 33 | G110604 | കായണ്ണ | 622996 |
| 34 | G130403 | മലപ്പട്ടം | 2000000 |
| 35 | G140201 | ബെള്ളൂർ | 988836 |
| | | ആകെ | **33486542** |

## അനുബന്ധം II - മുനിസിപ്പാലിറ്റികൾ

| നമ്പർ | പ്രാദേശിക സർക്കാർ കോഡ് | പ്രാദേശിക സർക്കാർ | വിടവ് നികത്തൽ ഫണ്ട് (തുക രൂപയിൽ) |
|---|---|---|---|
| 1 | M040100 | ചെങ്ങന്നൂർ | 2070687 |
| 2 | M040200 | മാവേലിക്കര | 658635 |
| 3 | M040300 | ചേർത്തല | 3000000 |
| 4 | M070600 | നോർത്ത് പറവൂർ | 3000000 |
| 5 | M090300 | ചിറ്റൂർ തത്തമംഗലം | 3000000 |
| 6 | M090400 | പാലക്കാട് | 3000000 |
| | | ആകെ | **14729322** |

അക്കൗണ്ട്സ് ഓഫീസർ